சர்க்கார் மிகவும் பின்னோக்க நிலையில் உள்ளது. நான் பலமுறை நேரடியாக அமைச்சர்களிடம் கூறியிருக்கிறேன். நமது மற்றப் பிற்குரிய ரெவന്യൂ அமைச்சர் அவர்களுக்குத் தெரியும். அவர்கள் அங்கு வந்திருந்தார்கள். அவர்கள் அங்கு வரும் போது அங்குள்ள விவசாயிகள் மிகவும் கஷ്ടப்பட்டுக்கொண்டிருந്தார்கள். அவர்களுக்கு கொடுத்த லോൺ பണத്തை തിരുമ്പി அடைக்க முடியாத நിലമൈയിൽ உள்ளனர். ஆகையால் தயவு செய்து இந்த மூன்று பஞ்சாயத்துகளிலும் வாழும் மக்களுக்கு மறுவாழ்வு அளிப்பதற்கு தேவையான நடவடிக்கைகளை நமது அரசு உடனடியாக எடுக்க வேண்டுமென்று கேட്ടுக்கொள்கிறேன்.

വന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അദ്ദേഹം പറഞ്ഞ വ്യവസായം കൃഷിയാണ്. ആ മൂന്ന് പ്രദേശവും റെയിൻ ഷാഡോ പ്രദേശങ്ങളാണ്. കന്തല്ലൂർ, പട്ടവട, മറയൂർ ഈ മൂന്ന് പഞ്ചായത്തുകളും കൂടാതെ പാലക്കാട് ജില്ലയിലെ ഏതാനും പ്രദേശങ്ങളും സ്ഥിരമായി വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. അവിടെ അടിയന്തിരമായ നടപടി സംസ്ഥാനഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്. ഇവിടത്തെ വരൾച്ച സ്ഥിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു മെമ്മോറാണ്ടം തയ്യാറാക്കി കേന്ദ്രഗവൺമെൻറിനു് അയയ്ക്കുന്നുണ്ട്.

(15) ടൂറിസം വികസന കോർപ്പറേഷന്റെ പ്രവർത്തനവും തൊഴിലാളി കൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കേരളത്തിലെ ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷൻ തുടിക്കുടി തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒഷ്യറിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന് അര കോടി ഉറുപ്പിക വെട്ടിപ്പ് നടത്തിയതിന് സസ്പെൻഷനിലായിരുന്ന ശ്രീ. എസ്. കെ. പിള്ളയാണ് അതിന്റെ മാനേജിംഗ് ഡയറക്ടർ. കോർപ്പറേഷന്റെ കാര്യക്ഷമതയില്ലായ്മയെക്കുറിച്ചും അവിടത്തെ അഴിമതിയെക്കുറിച്ചും ചില കാര്യങ്ങൾ ഉന്നയിച്ചതിന്റെ പേരിൽ അവിടത്തെ തൊഴിലാളികളുടെ പേരിൽ പ്രതികാര നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കുറെ തൊഴിലാളികളെ പിരിച്ചുവിട്ടു. താൽക്കാലിക ജീവനക്കാർക്ക് കഴിഞ്ഞ പ്രാവശ്യം ബോണസ് കൊടുത്തില്ല. അവരെയെല്ലാം പുകച്ചുപുറത്ത് ചാടിക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കെ ല്ലെന്റെ ആലയിൽപെട്ട മുയലിനെപ്പോലെയാണ് അവിടെ തൊഴിലാളികൾ കഴിഞ്ഞുകൂടുന്നത്. ഈ സ്ഥാപനത്തിന്റെ തകർച്ചയ്ക്കും ഇത്തരം നടപടികൾക്കും എതിരായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, എനിക്ക് കിട്ടിയ റിപ്പോർട്ടനുസരിച്ച് ബോണസ്സും അഡ്വാൻസും ഇൻക്രിമെന്റും നൽകിയിട്ടുണ്ട്. ഇവിടെ 16 പേരുടെ പേരിൽ ഡിസ്പ്ലിനറി ആക്ഷൻ എടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് എന്തെങ്കിലും കൂടുതൽ അന്വേഷിക്കണമോ എന്നു പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly